**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2675** **28-02-2023 - ൽ മറുപടിയ്ക്ക്**

**ഭവനരഹിതരായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ . പി . അനിൽ കുമാർ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഭവനരഹിതരായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വീട് നിർമ്മിച്ച് നൽകുന്നതിനായി എത്ര രൂപയാണ് നീക്കിവച്ചിട്ടുള്ളതെന്ന് വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ; | (എ) | പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകൾ ഭവന നിർമ്മാണ പദ്ധതിയ്ക്ക് മാത്രമായി തുക വകയിരുത്തുന്നില്ല. ഭവനനിർമ്മാണം, ഭവനപുനരുദ്ധാരണം, ലൈഫ് മിഷൻ മുഖേനയുള്ള ഭവന നിർമ്മാണം എന്നിവയ്ക്കായി ഒറ്റശീർഷകത്തിലാണ് തുക വകയിരുത്തുന്നത്. 2016-17 മുതൽ 2022-23 വരെ വകയിരുത്തിയ തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ലൈഫ് ഭവന പദ്ധതി ആരംഭിച്ചത് മുതൽ നാളിതുവരെ ഭവനരഹിതർക്ക് വീട് നിർമ്മിച്ച് നൽകുന്നതിനായി പട്ടികജാതി വികസന വകുപ്പ് ലൈഫ് ഭവന പദ്ധതിയിലേക്ക് നൽകിയ തുക എത്രയെന്ന് അറിയിക്കുമോ; ഇത് സംബന്ധിച്ച വിശദവിവരം വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ? | (ബി) | ലൈഫ് ഭവനനിർമ്മാണ പദ്ധതിക്കായി പട്ടികജാതി വികസന വകുപ്പ് നാളിതുവരെ 884.30 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു. |

| **വർഷം** | **ലൈഫ് മിഷന് കൈമാറിയ തുക** |
|---|---|
| 2018-19 | 61.30 കോടി രൂപ |
| 2019-20 | 0 |
| 2020-21 | 245 കോടി രൂപ |
| 2021-22 | 278 കോടി രൂപ |
| 2022-23 | 300 കോടി രൂപ |
| **ആകെ** | **884.30 കോടി രൂപ** |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകൾ ഭവനനിർമ്മാണം, ഭവനപുനരുദ്ധാരണം, ലൈഫ് മിഷൻ മുഖേനയുള്ള ഭവന നിർമ്മാണ പദ്ധതി തുടങ്ങിയവയ്ക്കായി വകയിരുത്തിയ തുകയുടെ വിശദാംശം**

| വർഷം | പട്ടികജാതി വികസന വകുപ്പ് | പട്ടികവർഗ്ഗ വികസന വകുപ്പ് (രൂപ ലക്ഷം) |
|---|---|---|
| 2016-17 | 373,67,89,030/-രൂപ | 5000.00 |
| 2017-18 | 575,00,00,000/-രൂപ | 11,508.00 |
| 2018-19 | 440,00,00,000/-രൂപ | 13,784.85 |
| 2019-20 | 200,00,00,000/-രൂപ | 17,809.91 |
| 2020-21 | 270,00,00,000/-രൂപ | 20,163.54 |
| 2021-22 | 250,00,00,000/-രൂപ | 19,720.00 |
| 2022-23 | 205,00,00,000/-രൂപ | 19,720.00 |

സെക്ഷൻ ഓഫീസർ